**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1121** **14-03-2022 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികളെ സംബന്ധിക്കുന്ന ബോർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ . എൻ . ഷംസുദ്ദീൻ | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് നടപ്പാക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ വിശദ വിവരം രേഖപ്പെടുത്തിയ ബോർഡുകൾ നിശ്ചിതസ്ഥാനങ്ങളിൽ സ്ഥാപിക്കണമെന്ന തീരുമാനം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | നിരത്തു, ദേശീയപാത, കെ.എസ്.ടി.പി വിഭാഗങ്ങൾക്കു കീഴിൽ പ്രവൃത്തി പൂർത്തിയാക്കിയ റോഡുകളിൽ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. പൂർത്തീകരിച്ച പ്രവൃത്തിയുടെ പേര്, പ്രവൃത്തിയുടെ ബാധ്യതാ കാലാവധി, കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ പേര്, ഫോൺ നമ്പർ എന്നിവയാണ് ഡി.എൽ.പി ബോർഡുകളിൽ പ്രധാനമായും രേഖപ്പെടുത്തുന്നത്. കെട്ടിട വിഭാഗത്തിനു കീഴിൽ പൊതുമരാമത്ത് വകുപ്പ് നടപ്പാക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ വിശദവിവരം രേഖപ്പെടുത്തിയ ബോർഡുകൾ നിശ്ചിത സ്ഥാപനങ്ങളിൽ സ്ഥാപിക്കണമെന്ന തീരുമാനം ഉണ്ടായിട്ടുണ്ട്. പുതിയ കെട്ടിടങ്ങൾ നിർമ്മാണം കഴിഞ്ഞ് 5 വർഷത്തിനുള്ളിൽ എന്തെങ്കിലും നിർമ്മാണ അപാകതകൾ ഉണ്ടായാൽ അത് പ്രവൃത്തി നടത്തിയ കരാറുകാരനെക്കൊണ്ട് തന്നെ പരിഹരിക്കുന്നതിനു വേണ്ടി, കരാർ എഗ്രിമെന്റിൽ നിഷ്കർഷിക്കുന്നത് കർശനമായി നടപ്പാക്കുന്നതിലേയ്ക്കായി ആണ് DLP ബോർഡുകൾ സ്ഥാപിക്കാൻ തീരുമാനിച്ചത്. പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ നിർമ്മാണങ്ങളിൽ DLP ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ബോർഡ് സ്ഥാപിക്കാനുള്ള പദ്ധതിയുടെ ഉദ്ഘാടനം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന് എത്ര തുകയാണ് ചെലവായത്; | (ബി) | നിരത്തു, ദേശീയപാത, കെ.എസ്.ടി.പി വിഭാഗങ്ങൾക്കു കീഴിൽ ബോർഡുകൾ സ്ഥാപിക്കാനുള്ള പദ്ധതികളുടെ ഉദ്ഘാടനം നടത്തിയിട്ടുണ്ട്. ഔപചാരിക രീതിയിൽ മാത്രം നടത്തിയ പ്രസ്തുത ഉദ്ഘാടനങ്ങൾക്ക് ഡിപ്പാർട്ട്മെന്റ് തലത്തിൽ ചിലവുകൾ ഉണ്ടായിട്ടില്ല. |
| (സി) | ബോർഡ് സ്ഥാപിച്ച ശേഷം നിർമ്മാണ | (സി) | നിരത്തു, ദേശീയപാത വിഭാഗങ്ങൾക്ക് കീഴിൽ |

| | | | |
|---|---|---|---|
| | പദ്ധതികളുടെ അപാകതകൾ സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; അവയിൽ എന്തൊക്കെ പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | | ഡി.എൽ.പി. നിലവിലുള്ള റോഡുകൾ നിശ്ചിത ഇടവേളകളിൽ പരിശോധിച്ച് തകരാറുകൾ കൃത്യമായി കരാറുകാരന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കാറുണ്ട്. എങ്കിലും ബോർഡുകൾ സ്ഥാപിച്ച ശേഷം നിർമ്മാണ പ്രവൃത്തികളുമായി ബന്ധപ്പെട്ട് പരാതികൾ ലഭ്യമായിട്ടുണ്ട്. പരാതികൾ ലഭ്യമായ ഉടൻ തന്നെ ബന്ധപ്പെട്ട കരാറുകാരനെ വിവരം അറിയിക്കുകയും പരാതിയിൽ സൂചിപ്പിച്ച കാര്യങ്ങൾക്ക് കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ പരിഹാരം കണ്ടെത്തുകയും ചെയ്തു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ